മി. ഡെപ്യൂട്ടി സ്പീക്കർ: വിതരണം ചെയ്തിട്ടുണ്ട്. ഇത് അംഗീകരിക്കുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: കഴിഞ്ഞതവണ പ്രതിപക്ഷ നേതാക്കൻമാർതന്നെ പറഞ്ഞതാണ്, അവിടെ തീരുമാനിച്ചതല്ല, റിപ്പോർട്ടിൽ വരുന്നതെന്ന്. വിതരണം ചെയ്തതിനുശേഷമേ പരിഗണനയ്ക്കു എടുക്കാവൂ എന്നു പറഞ്ഞത് അതുകൊണ്ടാണ്.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: സർ, കാര്യോപദേശക സമിതിയുടെ പതിനൊന്നാമതു റിപ്പോർട്ടു അംഗീകരിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടു കൊടുത്തതിനുശേഷമേ പരിഗണിക്കുകയുള്ളൂ. അത് ഒബ്ജക്ഷനിൽ ഇരിക്കുകയാണ്.

(റിപ്പോർട്ടു വിതരണം ചെയ്തു കഴിഞ്ഞു.)

റിപ്പോർട്ട് അംഗീകരിക്കാം. (സഭ അനുമതി നൽകി)

റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി.പി. എസ്തോസ്: ആറും ഏഴും തീയതികളിൽ തുടർച്ചയായി രണ്ടു ദിവസം ഉച്ചകഴിഞ്ഞ് ഇരിക്കണമെന്ന് ഇതിനകത്തു പറയുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതു പാർട്ടിനേതാക്കൻമാർ അംഗീകരിച്ചതാണ്. അതുകൊണ്ടു റിപ്പോർട്ടു അംഗീകരിച്ചിരിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

1978-ലെ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബിൽ (തുടർച്ച)

മി. ഡെപ്യൂട്ടി സ്പീക്കർ: സെലക്ടു കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ബില്ലിലെ നാലാമതു ക്ലാസിനു ധാരാളം ഭേദഗതികളും നൽകിയിട്ടുണ്ട്. 11 ഭേദഗതികളും മാത്രം അവതരിപ്പിച്ചാൽ മതിയാകും. കാരണം അതിൽ എല്ലാ ഭേദഗതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യമായിട്ട് അമൻറുമെൻറ് നമ്പർ 48.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: സർ, ഈ ഭേദഗതികളും കേട്ടതിനു ശേഷം ആവശ്യമുണ്ടെന്നുണ്ടെങ്കിൽ ഗവൺമെൻറ് ഭേദഗതി കൊണ്ടുവരുന്നതാണ്. അതു തിങ്കളാഴ്ച മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ചാപ്റ്റർ 4:

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇതു തിങ്കളാഴ്ചത്തേക്കു മാറ്റിയാൽ മതി; അടുത്ത ദിവസത്തേക്കു മാറ്റാം. ഇനിയിപ്പോൾ രണ്ടോ നാലോ മിനിട്ടേ ഉള്ളൂ. നോൺ ഒഫിഷ്യൽ റസല്യൂഷൻ തുടങ്ങിയാൽ മതി. മന്ത്രിയുടെ ഭേദഗതി വരുന്നതോടുകൂടി അവിടെ ആരംഭിക്കുക. ഈ ഭേദഗതി അവതരിപ്പിക്കുകയും ചെയ്യാം. ഒരു ക്ലാസ് ഇൻകംപ്ലീറ്റാക്കിവച്ചുകൊണ്ട് അടുത്ത ക്ലാസിലേക്ക് പോകുന്ന പതിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു ക്ലാസിന്റെ കൺസിഡറേഷൻ postpone ചെയ്തുകൊണ്ട് ക്ലാസ് 5 എടുത്തുകൂടെ എന്നാണ്.....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഞാൻ സംസാരിച്ചുകൊണ്ടു നിൽക്കുകയാണ്. ഇവിടെ നമ്മൾ സാധാരണ ഗതിയിൽ അങ്ങനെയൊക്കെ ചെയ്യും. ക്ലാസ് 4-ന് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് ഗവൺമെന്റ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ആ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്നും പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ ക്ലാസിന്റെ പരിഗണന തിങ്കളാഴ്ചത്തേക്ക് മാറ്റിവയ്ക്കണമെന്നു പറഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സ്വാഭാവികമായി മൂന്നു മിനിട്ടു നേരത്തേക്കു പിടിവാശി പിടിക്കേണ്ട കാര്യമില്ല. ഏതെങ്കിലും ഒരു മെമ്പർ ഭേദഗതി മൂവു ചെയ്യാൻ വരാത്തതു തന്നെ എന്താണ് ഗവൺമെന്റിന്റെ ഭേദഗതി എന്ന് അറിഞ്ഞിട്ട് കൊണ്ടുവരാമെന്നു കരുതിയാണ്. വാശിക്ക് പറഞ്ഞതല്ല. ക്ലാസ് 5-ന്റെയും അമൻറുമെന്റ് അന്ന് അവതരിപ്പിച്ചാൽ മതി.

ശ്രീ. എം.കെ. കൃഷ്ണൻ: ക്ലാസ് 4-ന്റെ ഡിസ്കഷൻ മാറ്റിവയ്ക്കുകയാണെങ്കിൽ മാറ്റിവയ്ക്കാം. ക്ലാസ് 5 ചർച്ച ചെയ്യാമെന്നു പറഞ്ഞാൽ ക്ലോസ് 4-ൽ ഉള്ള അമൻറുമെന്റ്സ് എന്താണെന്നു മനസ്സിലാക്കി അംഗീകരിക്കുകയാണെങ്കിൽ അതിന്റെ സബ്സിക്വൻറ്സ് അമൻറുമെന്റ്സ് ആണ് ക്ലാസ് 5-ൽ വരുക. കാരണം തിരഞ്ഞെടുപ്പ് ഏതു രീതിയിൽ നടത്തണം എന്നുള്ളതാണ് ക്ലാസ് 4. ഇവിടെ മൂവു ചെയ്യാൻ പോകുന്ന അമൻറുമെന്റ് ഗവൺമെന്റ് അംഗീകരിക്കുകയാണെങ്കിൽ പ്രൊപ്പോഷണൽ റപ്രസന്റേഷൻ എന്നുള്ള തത്ത്വം അംഗീകരിച്ചാൽ ക്ലാസ് 5 ആകെ മാറ്റണം. ക്ലാസ് 5 ഡിസ്ക്കസ് ചെയ്യുന്നതിൽ യാതൊരു പ്രസക്തിയും ഇല്ല.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ക്ലാസ് 4-ന്റെ ചർച്ച മാറ്റിവയ്ക്കണമെന്നല്ല, ചർച്ചകൾക്കുശേഷം ഗവൺമെൻറിന്റെ അമൻറുമെൻറു കൊണ്ടുവരാമെന്നാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഏതായാലും ഇനി ഒരു മിനിട്ടേ ഉള്ളു. ആ ഒരു മിനിട്ടുകൂടി കഴിഞ്ഞിട്ട് കാര്യങ്ങൾ ചർച്ചയ്ക്ക് എടുക്കാവുന്നതാണ്.

VII. അനൗദ്യോഗികാംഗങ്ങളുടെകാര്യം

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 15-ാമതു റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: I Object it. Sir, കഴിഞ്ഞതവണ ഈ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ച സമയത്ത് അന്ന് ഇങ്ങനെ ഒബ്ജക്ഷൻ റെയിസ് ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly